"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കരുനാഗപ്പള്ളി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.എസ്.ഷെർളാബീഗത്തിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിന്മേൽ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.1249/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/06/2020

---

പരാമർശം:- 1 18.05.2020 തീയതിയിലെ സ.ഉ.(സാധാ.) നം. 899/2020/ത.സ്വ.ഭ.വ.

2 ശ്രീമതി.എസ്.ഷെർളാബീഗം സമർപ്പിച്ച 28.05.2020 തീയതിയിലെ അപ്പീൽ അപേക്ഷ.

3 നഗരകാര്യ ഡയറക്ടറുടെ 29.05.2020 തീയതിയിലെ വി1-11736/2018 നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കരുനാഗപ്പള്ളി നഗരസഭയിൽ 27.5.2017 ൽ നടത്തിയ മിന്നൽ പരിശോധനയിൽ ഹാജർ ബുക്കിൽ ഉദ്യോസ്ഥർ ശരിയായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ലെന്നും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ഹാജരുള്ള എല്ലാ ഉദ്യോഗസ്ഥരും ക്യാഷ് ഡിക്ലയർ ചെയ്തു കാണുന്നില്ലെന്നും ഔദ്യോഗിക ആവശ്യത്തിന് പുറത്തേയ്ക്ക് പോകുമ്പോൾ മൂവ്മെന്റ് രജിസ്റ്ററിൽ അവ രേഖപ്പെടുത്തി കാണുന്നില്ലെന്നും ജനന മരണ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ സെക്ഷനുകളിൽ നേരിട്ട് സ്വീകരിക്കുന്നതായും സേവനാവകാശത്തെ സംബന്ധിച്ച അറിയിപ്പ് ഓഫീസിന് മുൻവശം പ്രദർശിപ്പിച്ചിട്ടില്ലെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.എസ്.ഷെർളാബീഗത്തിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി പരാമർശം ഒന്ന് പ്രകാരം ടിയാരിയുടെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിത ഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി.

2. മേൽ ഉത്തരവ് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാരി പരാമർശം രണ്ട് പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചു. . കരുനാഗപ്പള്ളി നഗരസഭയിൽ വിജിലൻസ് പരിശോധന നടന്ന ദിവസം രാവിലെ 10 മണിക്ക് സാംഖ്യ വെബ് മൊഡ്യൂൾ ഇ ബിൽ സബ്മിഷന്റെ പരിപാടിയിൽ പങ്കെടുക്കേണ്ടതുള്ളതിനാൽ മുൻകൂട്ടി തന്നെ ടി ദിവസത്തെ

സെക്രട്ടറിയുടെ ചാർജ്ജ് ഡെലിഗേഷൻ ഉത്തരവ് പ്രകാരം സൂപ്രണ്ടിന് നൽകിയിട്ടുള്ളതാണെന്നും മതിയായ രേഖകൾ ഹാജരാക്കാത്തതിന്റെ പേരിൽ ജനന-മരണ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടി ജനന മരണ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളോടൊപ്പം എല്ലാ രേഖകളും ഹാജരാക്കിയിട്ടുണ്ടോയെന്ന് ഹെൽത്ത് ഇൻസ്പെക്ടർ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷമാണ് അപേക്ഷകൾ കൗണ്ടർ മുഖേന സ്വീകരിക്കുന്നതെന്നും മറ്റ് എല്ലാ അപേക്ഷകളും ഫ്രണ്ട് ഓഫീസ് മുഖേനയാണ് സ്വീകരിക്കുന്നതെന്നും നഗരസഭ ഓഫീസിന്റെ പെയിന്റിംഗ് ജോലികൾ ചെയ്ത അവസരത്തിലാണ് സേവനാവകാശം സംബന്ധിച്ച അറിയിപ്പ് ബോർഡ് എടുത്ത് മാറ്റിയതെന്നും പെയിന്റിംഗ് ജോലികൾ കഴിഞ്ഞതിനുശേഷം യഥാസ്ഥാനത്ത് പുനഃസ്ഥാപിക്കുന്നതിലേയ്ക്ക് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ശ്രീമതി.ഷെർളാബീഗം സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചിട്ടുണ്ട്.

3. കരുനാഗപ്പള്ളി നഗരസഭയിൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ നേരിൽ നടത്തിയ പരിശോധനയിൽ ടിയാരിയുടെ മറുപടിയിൽ പരാമർശിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതായും നിലവിൽ ഹാജർബുക്ക്, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തിവരുന്നതായും സേവനാവകാശത്തെ സംബന്ധിച്ച അറിയിപ്പ് ഓഫീസിന് മുൻവശത്ത് പ്രദർശിപ്പിച്ചിട്ടുള്ളതായും പരാമർശം മൂന്ന് പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരസഭയിൽ വിജിലൻസ് പരിശോധനയ്ക്കുശേഷം ഓഫീസിൽ കൃത്യ നിഷ്ഠത പാലിക്കുന്നതിനും മുൻകൂർ അനുമതിയോടുകൂടി മാത്രം അവധികൾ എടുക്കുന്നതിനും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ . മൂവ്മെന്റ് രജിസ്റ്റർ എന്നിവയിൽ മതിയായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് ശരിയായി പരിപാലിച്ച് പോകുന്നതും കൃത്യമായ ഇടവേളകളിൽ നേരിൽ പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുള്ളതാണെന്നുമുള്ള ശ്രീമതി.എസ്.ഷെർളാബീഗത്തിന്റെ അപ്പീൽ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.എസ്.ഷെർളാബീഗത്തിന്റെ അപ്പീൽ അപേക്ഷയും നഗര കാര്യ ഡയറക്ടറുടെ ശുപാർശയും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടും കണക്കിലെടുത്ത് ടിയാരിയുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കിയ പരാമർശം ഒന്നിലെ ഉത്തരവ് റദ്ദാക്കിയും ടിയാരിയെ ശിക്ഷാ നടപടിയിൽ നിന്നും ഒഴിവാക്കിയും ഉത്തരവാകുന്നു. അപ്രകാരം ശ്രീമതി.എസ്.ഷെർളാബീഗത്തിന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

**പകർപ്പ് -**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ഡയറക്ടർ, വിജിലൻസ് & ആന്റി - കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ശ്രീമതി.എസ്.ഷെർളാബീഗം (നഗരകാര്യ ഡയറക്ടർ, മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിജിലൻസ് വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ